(ബി) ഇതിന്റെ നിർമ്മാണത്തിനായി ആലത്തൂരിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കണമെന്നുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) ഇറിഗേഷൻ വകുപ്പിൽ നിന്ന് സ്ഥലം വിട്ടുകിട്ടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം ഇറിഗേഷൻ വകുപ്പിന്റെ പരിഗണനയിലാണ്.

ചേലക്കര മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

67 [2957] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിലുള്ള കാലതാമസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി ആരംഭിച്ചതെന്നാണെന്ന് പറയാമോ;

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും വിശദമാക്കാമോ;

(ഡി) ഇതുവരെ ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഈ സിവിൽ സ്റ്റേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 24-3-2001-ൽ ആരംഭിച്ചു.

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 48,63,503 രൂപയാണ് 23-3-2002-ൽ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) 25.03 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(ഇ) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly